(സി) ഏഴാം പദ്ധതിയുടെ കരടുരേഖ തയ്യാറാക്കുമ്പോൾ ഇതിന് 932 കോടിരൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട്

* 210 [242] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. പി. എ. മജീദ്:
,, പി. കെ. കെ. ബാവ:
,, നാലകത്ത് സൂപ്പി:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് ഏതൊക്കെ ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ പ്രോജക്ടിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്;

(സി) ഈ സ്കീമിൽ ലോകബാങ്ക് സഹായമായി എത്രതുകയാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഈ സ്കീംപ്രകാരം എത്ര സബ്സെന്ററുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു; അവയിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ആരോഗ്യ സേവന സൗകര്യങ്ങളുടെ രംഗത്ത് പിന്നോക്ക നിലയിലുള്ള ഈ നാല് ജില്ലകളിൽ പ്രസ്തുത സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്ത് ജനന നിരക്ക്, മരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ കുറയ്ക്കുകയാണ്, ഈ പദ്ധതിയുടെ ഉദ്ദേശം. സബ്സെന്ററുകൾ, സബ്സിഡിയറി ഹെൽത്ത് സെന്ററുകൾ മുതലായവ നിർമ്മിച്ച് സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജനങ്ങളെ കുടുംബാസൂത്രണ പരിപാടികളുടെ ആവശ്യത്തെയും ലക്ഷ്യത്തെയും പറ്റി കൂടുതൽ ബോധവാൻമാരാക്കുകയും പരിപാടികളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ പ്രചോദനം നൽകുകയും ചെയ്യുക, കൂടുതൽ ഗവേഷണങ്ങൾ വഴി പദ്ധതി പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ പരിപാടികൾ.

(സി) ഉദ്ദേശം 27 കോടി രൂപ.

(ഡി) 568 സബ്സെന്ററുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. അവയിൽ 231 എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ചുവടെ കൊടുത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	സബ് സെൻററുകളുടെ എണ്ണം	പൂർത്തിയായവ
വയനാട്	70	43
മലപ്പുറം	240	90
പാലക്കാട്	153	64
ഇടുക്കി	105	34
	568	231

തിരുവനന്തപുരം വിമാനത്താവളത്തിലെ പക്ഷി ശല്യം.

* 211 [243] ശ്രീ. പി. പി. തങ്കച്ചൻ:
,, ജി. കാർത്തികേയൻ:
,, പന്തളം സുധാകരൻ:
,, എം. എം. ഹസ്സൻ:
,, ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തെ പക്ഷി ശല്യത്തിൽ നിന്നും വിമുക്തമാക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പക്ഷിശല്യംമൂലം വിമാനയാത്ര മുടങ്ങുകയും വിമാനത്തിന് കേടു സംഭവിക്കുകയും ചെയ്തിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നഗരത്തിലെ മാലിന്യങ്ങൾ നഗരസഭ വിമാനത്താവളത്തിനടുത്ത് നിക്ഷേപിച്ചിരിക്കുന്നതുകൊണ്ടാണ് പക്ഷിശല്യം ഉണ്ടാകുന്നതെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ ഗവൺമെൻറ് വേണ്ട നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) 1986 ജൂൺ 17-ാം തീയതി തിരുവനന്തപുരത്തുനിന്നും കൊച്ചിയിലേക്ക് തിരിച്ച ഐ. സി. 468-ാം നമ്പർ ബി. 737 ടേക്ക് ഓഫ് സമയത്ത പക്ഷി ഇടിച്ച് വലതുഭാഗത്തെ എഞ്ചിനു തകരാറു സംഭവിക്കുകയും വിശദമായ അറ്റകുറ്റപ്പണികൾക്കായി നിലത്തിറക്കിയതുമൂലം സർവ്വീസ് നിർത്തുകയും ഉണ്ടായി.

(സി) സത്വരമായി വേണ്ടിവന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly